പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 99 | 14.06.2012- ലെ മറുപടിക്ക്

# കയർ മേഖലയുടെ നവീകരണവും, തൊഴിലാളികളുടെ മിനിമം കൂലിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ്<br>,, എസ്. ശർമ്മ<br>,, കെ. ദാസൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (എ) വിവിധ പദ്ധതി പ്രകാരം 6000 ലേറെ മോട്ടോറൈസ്ഡ് ട്രെഡീഷണൽ റാട്ടുകളും 400 ഓളം സ്പിന്നിംഗ് മെഷീനുകളും വിവിധ സ്ഥാപനങ്ങൾ മുഖാന്തിരം നൽകിക്കഴിഞ്ഞു.<br>കയർപിരി സംഘങ്ങളിലെ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2011-12 ൽ 348 കയർപിരി സംഘങ്ങൾക്ക് 8,55,02,089/- രൂപ പ്രവർത്തന മൂലധനം നൽകി. കൂടാതെ, ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി കൂടുതൽ കയർ ഉത്പ്പാദിപ്പിക്കുവാൻ നടപടി സ്വീകരിച്ചു. തൊണ്ടു സംഭരണ പദ്ധതിയും പരിഷ്കരിച്ചു നടപ്പിലാക്കി. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായുള്ള കയർ കോംപോസിറ്റ് ബോർഡ് ഫാക്ടറിയുടെ പ്രവർത്തനം 2012 - ൽ തന്നെ ആരംഭിക്കുന്നതാണ്. ജിയോടെക്സ്റ്റൈൽസിന്റെ വിപണനം ശക്തമാക്കാൻ നിരവധി പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം പരിണതഫലമായി കയറുത്പ്പാദനം ഗണ്യമായി വർദ്ധിക്കുന്നതാണ് |
| (ബി)സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി കയർ ഫാക്ടറി മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ ലഭ്യമാകുന്നുണ്ടോ എന്ന് അറിയിക്കുമോ; | (ബി) കയർ ഫാക്ടറി തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി മിനിമം കൂലി ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| (സി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (സി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും സർക്കാർ ഇൻകം സപ്പോർട്ട് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം പിരിമേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 210 രൂപയും ഉല്പന്ന മേഖലയിലെ തൊഴിലാളിക്ക് 285 രൂപയും ലഭിക്കുന്നു. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ നൽകുന്നതുകൊണ്ട് സ്ഥാപനം നൽകേണ്ട കൂലി വിഹിതം കുറയുന്നു. ഇത് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സഹായകമാകും. കൂടാതെ, പരിഷ്കരിച്ച തൊണ്ടു സംഭരണ പദ്ധതി, മറ്റു പദ്ധതികൾ എന്നിവയുടെ പ്രയോജനവും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാനും കൂലി കൂടുതൽ ലഭിക്കുവാനും സഹായിക്കുന്നു. |
| ഡി) കയർ രംഗത്ത് പ്രവർത്തിച്ചുവരുന്ന തൊഴിലാളികളേയും ഇപ്പോൾ തൊഴിൽ ഇല്ലാതായവരേയും സംബന്ധിച്ച കണക്കുകൾ നൽകുമോ? | ഡി) കയർ സഹകരണ രംഗത്ത് ഏകദേശം 85,000 പേർ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. ഈ മേഖലയിൽ ഇപ്പോൾ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം കുറവാണ്. കാരണം ഈ മേഖലയിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധരാകുന്നവർക്ക് തൊഴിൽ നൽകാൻ കഴിയുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. |

(signature)
സെക്ഷൻ ഓഫീസർ